LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ 190 (എ), 196 (5) അനുച്ഛേദ പ്രകാരം നിയമസഭ ഡിസോൾവ് ചെയ്യുമ്പോൾ സഭയിൽ നിലവിലുണ്ടായിരുന്ന ബില്ലുകൾ ലാപ്സാവുന്നതാണ്. അതനുസരിച്ച് ജനുവരിയിൽ അവതരിപ്പിച്ച കേരള ധനകാര്യ ബിൽ ലാപ്സായിട്ടുള്ളതാണ്. അതിനാൽ ബിൽ ലാപ്സായ ദിവസം മുതൽ പുതുക്കിയ കേരള ധനകാര്യ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്ന തീയതിവരെയുള്ള കാലയളവിലെ നടപടികൾക്ക് നിയമസാധുത നൽകിക്കൊണ്ടുള്ള വ്യവസ്ഥ ബിൽ പാസ്സാക്കുന്ന സമയത്ത് ഔദ്യോഗിക ഭേദഗതിയായി വാലിഡേഷൻ ക്ലോസ് കൊണ്ടുവന്ന് പ്രസ്തുത നടപടികൾ സാധൂകരിക്കുകയെന്നുള്ളതാണ് നടപടി ക്രമം. പ്രസംഗത്തിലെ 113-ാമത്തെ ഖണ്ഡിക മാറ്റണമെന്ന് പറയുന്നുണ്ട്. അതു സംബന്ധിച്ച രണ്ടുമൂന്ന് കാര്യങ്ങൾ ഞാൻ ഇപ്പോൾ പറഞ്ഞതിലുണ്ട്. മെയ് മാസം 3-ാം തീയതി മുതൽ ഇത് പാസ്സാകുന്ന ഇന്നുവരെയുള്ള ദിവസങ്ങളിലെ ടാക്സ് കളക്ഷന് നിയമപരമായി വിധേയത്വമില്ല, കാരണം പഴയ ബിൽ ലാപ്സായിപ്പോയി, ഇന്നാണ് പുതിയ ബിൽ വരുന്നതെന്നുള്ള പ്രശ്നമാണ് ഉന്നയിച്ചത്. അതിനായി നിയമം പാസ്സാക്കുന്ന സമയത്ത് ഒരു ഭേദഗതികൊണ്ടുവന്ന് അതിനെക്കുടി വാലിഡേറ്റ് ചെയ്യുന്നരീതിയിലുള്ള ഒരു പ്രൊവിഷനാണ് സാധാരണഗതിയിൽ ഈ സഭയിൽ പാലിക്കാറുള്ളത്.

മറ്റൊന്ന്, ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ മൂന്ന് കാര്യങ്ങൾ പറഞ്ഞു. നികുതി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പൊതു ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ആഗസ്റ്റ് 21-ൽനിന്നും നവംബർ 30-ലേയ്ക്ക് നീട്ടുന്നതാണ്. കുടിശ്ശികയുള്ള ടേൺ ഓവർ ടാക്സ് അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി 2021 ജൂൺ 30-ൽനിന്നും 2021 സെപ്റ്റംബർ 30 ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി ജൂലൈ 31-ൽനിന്ന് ഒക്ടോബർ 31 ആയും നീട്ടുന്നതാണ്. ലോക്ഡൗൺ സമയത്ത് ഓട്ടോറിക്ഷ, ടാക്സികൾ ഉൾപ്പെടെയുള്ള സ്റ്റേറ്റ് കോൺട്രാക്ട് ക്യാരേജുകൾക്ക് ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കാനുള്ള കാലാവധി 2021 ആഗസ്റ്റ് 31 വരെ നീട്ടി നൽകുന്നതായിരിക്കും. ഈ മൂന്ന് കാര്യങ്ങളും പറഞ്ഞു. അത് ഈ ബില്ലിൽ വന്നിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം വരുമ്പോഴാണ് അക്കാര്യം ബില്ലിൽ വരേണ്ടതെന്നുകൂടി പറയുകയാണ്. ഇതാണ് ഇതുസംബന്ധിച്ച് നൽകാനുള്ള വിശദീകരണം.

റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021 ജൂൺ 4-ാം തീയതി സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം നമ്പർ ഖണ്ഡിക ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണെന്നും ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2021-ലെ ധനകാര്യ ബില്ലുകൾ ക്രമപ്രകാരമല്ലെന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ നിയമസഭയിൽ 2021 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടു കൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് 15-ാം കേരള നിയമസഭ നിലവിൽ വന്നതോടുകൂടി പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്. അതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയിൽ പിശകില്ലെന്ന് കാണുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ പഴയ ബില്ലുകൾ ലാപ്സായതിനും പുതിയ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വരുന്നതിനും ഇടയിൽ വരുന്ന കാലഘട്ടത്തിൽ നടത്തുന്ന ടാക്സ് കളക്ഷൻ നടപടികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് പുതിയ ബില്ലിൽ വാലിഡേഷൻ ക്ലെയിം ഉൾപ്പെടുത്തി അപ്രകാരമുള്ള അപാകതകൾ പരിഹരിക്കാവുന്നതേയുള്ളൂ. അതാണ് നമ്മുടെ സഭയിൽ പൊതുവെ സ്വീകരിച്ചുവരുന്ന നടപടിക്രമം. ആകയാൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ സെക്ഷൻ 3-ന് വിരുദ്ധമായിട്ടാണ് 2021-ലെ കേരള ധനകാര്യ ബില്ലിലെ ഖണ്ഡം 8-ന് പ്രാബല്യം കൊടുത്തിരിക്കുന്നതെന്നും ഇത് നിയമവിരുദ്ധമാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമവശങ്ങൾ വിശദീകരിക്കുകയുണ്ടായി.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ആ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമുള്ള പ്രസ്താവനയോടുകൂടി സഭയിൽ സമർപ്പിച്ച ബില്ലുകളിലെ വ്യവസ്ഥകൾക്ക് തൊട്ടടുത്തുവരുന്ന ഏപ്രിൽ 1 മുതലോ ബിൽ അവതരിപ്പിക്കുന്ന തീയതി മുതലോ 180 ദിവസം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവതരിപ്പിക്കുന്ന ബില്ലിൽ പ്രത്യേകമായി പ്രാബല്യം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം ബില്ലിൽ പരാമർശിച്ചിരിക്കുന്ന തീയതികളിലാണ് അവ നിലവിൽ വരുന്നതെന്ന് ഡിക്ലറേഷൻ പ്രസ്താവിച്ചാൽ മതിയാകുന്നതാണ്. ഇതാണ് ഈ സഭയിലെ കീഴ്വഴക്കം. അതിൽ അപാകതകൾ ഒന്നും കാണുന്നില്ല. ഇവിടെ അവതരിപ്പിക്കുന്ന ബില്ലിന്റെ ഖണ്ഡം 8-ന്റെ പ്രാബല്യം സംബന്ധിച്ച പരാമർശം ഡിക്ലറേഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ബിൽ ക്രമപ്രകാരമാണെന്നും ബില്ലിന്റെ അവതരണത്തിൽ യാതൊരുവിധ ക്രമരാഹിത്യവും ഉണ്ടായിരിക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്യുന്നു.